നിയമ സംസ്കാര കേന്ദ്രത്തിന്റെ ജനനീതി

വാല്യം : 10 ◆ ലക്കം : 6 ◆ ജൂൺ 2003 ◆ വരിസംഖ്യ– ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

# നിറം മാറിയ വർഗീയത

**കേരളത്തിൽ വർഗീയതയുടെ പുതിയ വിതാനങ്ങളും ദിശകളുമാണ് മാറാട് രേഖപ്പെടുത്തുന്നത്. ഗൂഢാലോചന, ആയുധശേഖരണം, പ്രവൃത്തിരേഖ എന്നിങ്ങനെ കൃത്യമായ ഒരു പദ്ധതിയായി വർഗീയത മാറിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ വർഗീയ വിരുദ്ധ പ്രവർത്തനങ്ങളാകട്ടെ പലപ്പോഴും പ്രതികരണ തലത്തിൽ സ്ഥിതി ഉറപ്പിക്കുകയും ചെയ്യുന്നു.**

**വർഗീയത പലതരമില്ല. അത് ഒന്നേയുള്ളൂ. ഒരു വർഗീയതയുടെ അനന്തമായ പ്രതിച്ഛായതന്നെയാണ് മറ്റ് വർഗീയതകളും. അതിനാൽ സെക്കുലർ പ്രവർത്തനമെന്നത് എല്ലാത്തരം വർഗീയത്ക്കുമെതിരായ ഒന്നാണ്. മതേതരത്വത്തെ സംസ്കാരത്തിന്റെ നാനാ വ്യാപാരങ്ങളിലും എന്നന്നേയ്ക്കുമായി ഉൾച്ചേർക്കുന്ന ഒരു പ്രവർത്തനമാണ് നാം ആവിഷ്ക്കരിച്ചെടുക്കേണ്ടത്. നമ്മുടെ ഓരോ ഗ്രാമത്തിലും ഓരോ ജീവിത പരിസരത്തിലും പ്രയോഗിക്കേണ്ട ഒന്നാണിത്.**

**ഇത്രയും കാലത്തെ സെക്കുലർ പ്രവർത്തനം പാഴായിപ്പോയി എന്ന് മാറാട് സംഭവത്തോടെ കരുതുന്നവരുണ്ട്. എന്നാൽ ആ ധാരണ തെറ്റാണ്. 2002 ജനുവരിയിൽ മാറാട് കലാപത്തിന് ശേഷം ഗവൺമെന്റോ മറ്റ് ഏജൻസികളോ ആവിടേയ്ക്ക് തിരിഞ്ഞു നോക്കിയിരുന്നില്ല. സാംസ്കാരിക പ്രവർത്തകരുടെ ഇടപെടലാണ് ജനാധിപത്യ അവബോധത്തിന്റെ ശൂന്യത അന്ന് നികത്തിയത്. കോഴിക്കോട്ടെ സെക്കുലർ കളക്ടീവ് പ്രവർത്തകരുടെ മുൻകയ്യാൽ സിനിമ താരങ്ങളെയടക്കം അവിടേയ്ക്കെത്തിച്ച ഒരു വലിയ പ്രവർത്തനത്തിന്റെ ഫലമായാണ് ഇപ്പോൾ പ്രശ്നം നടന്നയുടനെ അവിടെയെത്താനും പരിഹാര നടപടികൾ ആരംഭിക്കാനും മുഖ്യമന്ത്രിയെ അടക്കം പ്രേരിപ്പിച്ചത്. 2002–ൽ സാംസ്കാരിക പ്രവർത്തകരുടെ നിരന്തരമായ അഭ്യർത്ഥനകളെ പോലും നിരാകരിച്ച് അവിടെയ്ക്കൊന്നെത്തിച്ചു നോക്കാൻ കൂട്ടാക്കാതിരുന്ന ആളാണ് മുഖ്യമന്ത്രി എന്നോർക്കണം.***

**ഒരുപക്ഷെ ഭരണകൂടത്തിന്റെ ഉദാസീനത തന്നെയാണ് മാറാട് കൊലപാതകത്തോളമെത്തിച്ച വർഗീയ സമാഹരണത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന് എന്ന് നാം തിരിച്ചറിയണം. സംഭവങ്ങളിൽ വിലപിക്കുക മാത്രമല്ല ഒരു ജനാധിപത്യ ഭരണകൂടവും സമൂഹവും ചെയ്യേണ്ടത് ഭൗതീകവും മാനസികവുമായ പരിഹാര നടപടികളിലൂടെ ആശ്വാസമെത്തിക്കുക കൂടിയാണ്.**

**ഇത്തവണത്തെ കലാപത്തിന് ശേഷവും ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും വലിയ വീഴ്ചകൾ ഉണ്ടാകുന്നുണ്ട്. (i) മാറാടിലേക്ക് സെക്കുലർ പ്രവർത്തകർക്ക് അടക്കമുള്ള പ്രവേശന നിഷേധം; (ii) അവിടെ നിന്നുമുള്ള മുസ്ലീം കുടുംബങ്ങളുടെ ഒഴിഞ്ഞുപോക്കും അവരുടെ വീടുകളിൽ നടന്നതായി പറയുന്ന കൊള്ളയും; (iii) വർഗീയവാദികളുടെ മറയിൽ ഒരു സമൂഹത്തെ മുഴുവൻ വർഗീയമായി മുദ്രയടിക്കുന്ന പ്രചരണ കോലാഹലം**

**മാറാടിലെ വർഗീയ വാദികളുടെ അഴിഞ്ഞാട്ടത്തെ ജനനീതി ശക്തമായി അപലപിക്കുന്നു. അതോടൊപ്പം മാറാടിലെ മനുഷ്യക്കുരുതിയെ എടുത്തുകാട്ടി അതിന്റെ മറയിൽ കേരളത്തിലുടനീളം വിദ്വേഷത്തിന്റെയും ഹിംസയുടെയും വിഷം പരത്തുന്ന വിധ്വംസക ശക്തികളെ തിരിച്ചറിയുകയും ചെയ്യുന്നു.**

***(2002 ജനുവരിയിൽ മാറാട് സംഭവത്തെത്തുടർന്ന് അടിയന്തിരമായി മാറാട് സന്ദർശിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ജനനീതി മുഖ്യമന്ത്രിക്ക് ഫാക്സ് സന്ദേശമയച്ചുവെങ്കിലും മറുപടിപോലും ലഭിക്കുകയുണ്ടായില്ല)***

# "വർഗ്ഗീയത നിശബ്ദമായി പുതിയ മേഖലകളെ കീഴ്പ്പെടുത്തുന്നു"

***മാറാടിൽ നടന്ന രണ്ടാമത് കലാപത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ വർഗ്ഗീയാന്തരീക്ഷത്തേയും വർഗ്ഗീയ പ്രവർത്തനങ്ങളെയും വിലയിരുത്തിക്കൊണ്ടും വർഗ്ഗീയതക്കെതിരായി രൂപപ്പെടേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ഡോ. കെ.എൻ. പണിക്കർ സംസാരിക്കുന്നു.***

**?** *മാറാടിൽ നടന്ന രണ്ടാമത്തെ കലാപങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിൽ വർഗ്ഗീയതയുടെയും വർഗ്ഗീയമനോഭാവങ്ങളടെയും വളർച്ചയെ വിലയിരുത്തുന്നതെങ്ങിനെയാണ്.*

▌ 'മാറാട്' ഒറ്റപ്പെട്ട ഒരുസംഭവമായി നോക്കിക്കാണരുത്. ഇത് ഒരു സാമൂഹ്യ രാഷ്ട്രീയ പ്രക്രിയയുടെ പ്രതിഫലനം മാത്രമാണ്. ആ പ്രക്രിയ കേരളത്തിൽ തുടങ്ങിയിട്ട് ഒരുപാടുനാളായി. കഴിഞ്ഞ പത്തുപതിനഞ്ച് വർഷങ്ങളായി കേരളസമൂഹത്തിൽ വർഗ്ഗീയതയുടെ സ്വാധീനവും വർഗ്ഗീയ ശക്തികളുടെ പ്രവർത്തനവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കുറെയേറെ വർഗ്ഗീയസംഘടനകൾ ഈ കാലഘട്ടത്തിൽ സമൂഹത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഹിന്ദുക്കളുടെയും മുസ്ലീമുകളുടെയും ഇടയിൽ. കേരളത്തിൽ കുറെക്കൊല്ലങ്ങളായി ഹിന്ദുവർഗ്ഗീയസംഘടനകൾ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായി ശക്തിപ്പെട്ട് വന്നതായി അവരുടെ രേഖകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. കഴിഞ്ഞ രണ്ടുമൂന്നുകൊല്ലങ്ങളായി ഇവിടെ വിശ്വഹിന്ദുപരിഷത്തിന്റെ പ്രവർത്തനങ്ങൾ വളരെ വർദ്ധിച്ചിട്ടുണ്ട്. ഹിന്ദുക്കളുടെ ഇടയിൽ വർഗ്ഗീയതയുടെ സ്വാധീനം വളർന്നതായി നമുക്ക് കാണാൻ കഴിയും. വർഗ്ഗീയ പ്രവർത്തന ത്തിന് സഹായകമായ ഒരു സാഹചര്യം ഒരുക്കിയത് കേരളസമൂഹത്തിൽ ഉണ്ടായ പരിവർത്തനമാണ്. സാമൂഹ്യ പരിവർത്തനം രണ്ട് വിഭാഗങ്ങളെ സൃഷ്ടിച്ചു. സാമൂഹ്യ അധികാരം നഷ്ടപ്പെട്ട ഒരു വിഭാഗം സാമൂഹികമായും സാമ്പത്തികമായും ഉയർച്ച നേടിയ മറ്റൊരു വിഭാഗം. ഈ രണ്ട് വിഭാഗങ്ങൾക്കും വർഗ്ഗീയത ഒരർത്ഥത്തിൽ വളരെ ആകർഷകമായി. അങ്ങിനെ വർഗ്ഗീയതയുടെ വളർച്ചയ്ക്ക് ഉതകുന്ന മണ്ണ് കേരളത്തിൽ കഴിഞ്ഞ പത്തുകൊല്ലങ്ങളായി നിലവിൽ വന്നിട്ടുണ്ട്. അതേ സമയത്തുതന്നെ മുസ്ലീം വിഭാഗങ്ങളിൽ തീവ്രവാദ ആശയങ്ങളും വർഗ്ഗീയതയും വളർച്ചപ്രാപിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ബാബറിമസ്ജിദ് തകർത്തതിനുശേഷം, ചെറുപ്പക്കാരായ ഒരു വിഭാഗം മുസ്ലീങ്ങൾ അക്രമാസക്തരും തീവ്രവാദികളുമായി എന്നത് പല തീവ്രവാദ സംഘടനകളുടെയും വളർച്ചയിൽ നിന്ന് നമുക്ക് കാണാൻ കഴിയും. അതുകൊണ്ട് പൊതുവെ പറയുകയാണെങ്കിൽ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ഇടയിൽ വർഗ്ഗീയവത്ക്കരണം നടന്നിട്ടുണ്ട്. ഈ വർഗ്ഗീയവത്ക്കരണം നടന്നതിന്റെ ഒരു പ്രതിഫലനമാണ് അല്ലെങ്കിൽ അതിന്റെ ഒരു അനന്തരഫലമാണ് മാറാടിൽ ഉണ്ടായത്. അതുകൊണ്ട് മാറാടിനെപ്പറ്റി നാം ചിന്തിക്കുമ്പോൾ ഇത് ഒറ്റപ്പെട്ട ഒരു സംഭവമായി കാണാതെ കേരളസമൂഹത്തിൽ വളർന്നുവന്ന പ്രവണതകളുടെ ഫലമാണ് എന്ന് തിരിച്ചറിയേണ്ട ആവശ്യമുണ്ട്.

*? വർഗ്ഗീയവത്ക്കരണത്തിന്റെ കാര്യം പറയുമ്പോൾ, മതേതര ശക്തികൾക്ക് പ്രത്യേകിച്ച് ഇടതുപക്ഷത്തിന് ശക്തിയുള്ള ഒരു സമൂഹമാണ് കേരളത്തിലുള്ളത്. കായികമായി അവർ ഇന്നും ഒരു ശക്തിതന്നെയാണ്. എന്നാൽ ആശയപരമായി പുതുതലമുറയെ വർഗ്ഗീയ വിരുദ്ധമനോഭാവങ്ങളാൽ പ്രചോദിപ്പിക്കുവാൻ അവർക്കാവുന്നില്ല. അധിനിവേശാനന്തരം കേരളത്തിൽ രൂപപ്പെടേണ്ടിയിരുന്ന ജനാധിപത്യപ്രക്രിയകളുടേയും ജനാധിപത്യവത്ക്കരണത്തിന്റേയും അപചയമല്ലെ ഇതുകാണിക്കുന്നത്.*

▌വർഗ്ഗീയവത്ക്കരണത്തിന്റെ അടിത്തറ മതവത്ക്കരണമാണ്. മത അവബോധത്തിന്റെ, മതപരതയുടെ, മതാത്മകതയുടെ വളർച്ച കേരളത്തിൽ ശക്തമായി ഉണ്ടായിട്ടുണ്ട്. ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ട വ്യക്തിയായാലും ഈ മതപരതക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു അവസ്ഥാവിശേഷമാണ് നമുക്ക് കാണാൻ കഴിയുന്നത്. **ഈ മതപരത സൃഷ്ടിക്കുന്നത് മതവിഭജനമാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഒരു അതിർത്തിവരെ തങ്ങളെ ഹിന്ദുക്കൾ മുസ്ലീങ്ങൾ ക്രിസ്ത്യാനികൾ എന്നീ നിലകളിൽ മാത്രം നോക്കിക്കാണുന്ന ഒരു അവസ്ഥാവിശേഷമാണ് ഇന്ന് കേരളത്തിൽ നിലനില്ക്കുന്നത്. മത-ജാതി അവബോധത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രശ്നങ്ങളെയും രാഷ്ട്രീയപ്രശ്നങ്ങളെയും നോക്കിക്കാണാൻ നിർബന്ധിക്കുന്നതാണ് ഈ കാഴ്ചപ്പാട്.** ഇത്തരമൊരു സ്ഥിതി വരുമ്പോൾ ശരിയായ അർത്ഥത്തിൽ ജനാധിപത്യവത്ക്കരണം നടന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്. ജനാധിപത്യവത്ക്കരണത്തിന്റെ ശക്തി കുറഞ്ഞുപോയി. കാരണം ജനാധിപത്യത്തിൽ മതമോ ജാതിയോ അത്തരത്തിലുള്ള മറ്റ് അവബോധങ്ങളോ അല്ല നമ്മുടെ രാഷ്ട്രീയ കാഴ്ചപ്പാടിനെ സ്വാധീനിക്കേണ്ടത്. അങ്ങനെ അല്ലാത്തൊരവസ്ഥ കേരളത്തിൽ വളർന്നുവന്നിരിക്കുന്നു. അതേ സമയത്തുതന്നെ കേരളത്തിലെ മദ്ധ്യവർഗ്ഗത്തിന് ഒരു പക്ഷെ മറ്റു സംസ്ഥാനങ്ങളിലെ മദ്ധ്യവർഗ്ഗത്തെക്കാൾ വലിയ ഒരു സാംസ്കാരിക പ്രതിസന്ധി ഉണ്ട്. ഈ മദ്ധ്യവർഗ്ഗം ജീവിക്കുന്നത് അത്തരമൊരു സാഹചര്യത്തിലാണ്. ഇതിന് അവർ പോംവഴി തേടുന്നത് മത-ജാതി പ്രവർത്തനങ്ങളിലാണ്. അവർ ആത്മീയതയിലോ ആൾദൈവങ്ങളിലോ ആശ്വാസം കണ്ടെത്തുന്നു. പക്ഷെ മദ്ധ്യവർഗ്ഗത്തിൽപ്പെട്ടവരിൽ ബഹുഭൂരിപക്ഷവും ഇന്നും രാഷ്ട്രീയമായി വർഗ്ഗീയതയെ തുണയ്ക്കുന്നില്ല. പക്ഷെ ആശയപരമായും തത്വശാസ്ത്രപരമായും ഒരു അതിർത്തിവരെ അവ വർഗ്ഗീയതയിലേക്ക് കടന്നു കഴിഞ്ഞിരിക്കുന്നു. രാഷ്ട്രീയമായി ഒരു വർഗ്ഗീയ നിലപാട് അവർ എടുക്കാത്തതിനുകാരണം വർഗ്ഗീയത ഇന്നും കേരളത്തിൽ ഒരു പ്രധാനപ്പെട്ട രാഷ്ട്രീയ ശക്തി അല്ല എന്നുള്ളതുകൊണ്ടാണ്. വർഗ്ഗീയത ഒരു രാഷ്ട്രീയശക്തിയായി മാറുമ്പോൾ, ഈ വിഭാഗം വർഗ്ഗീയരാഷ്ട്രീയത്തെ സഹായിക്കുന്നവരായി മാറാൻ ഇടയുണ്ട്. യഥാർത്ഥത്തിൽ പല രാഷ്ട്രീയകക്ഷികളുടെയും അടിത്തറയെ വർഗ്ഗീയത സ്വാധീനിച്ചിരിക്കുന്നു.

*? ജാതിബോധം പ്രബലമായിക്കൊണ്ടിരിക്കുന്ന ഒരവസ്ഥാവിശേഷം ഇന്നുണ്ട്. ഹിന്ദുമതത്തിന്റെ വക്താക്കളെ അസ്വസ്ഥരാക്കുന്നവിധത്തിൽ ജാതിസംഘങ്ങൾ അതിരൂക്ഷമായ അഭിപ്രായവ്യത്യാസങ്ങൾ പുലർത്തുന്നു. ഹിന്ദുവർഗ്ഗീയവാദികൾ അഭിസംബോധന ചെയ്യുന്നത് ഹിന്ദുമതത്തിൽ അംഗങ്ങൾ ആയവരെയാണ്. വർദ്ധിച്ചുവരുന്ന ജാതിബോധത്തെ മതവത്ക്കരണത്തിനും വർഗ്ഗീയവത്ക്കരണത്തിനുമെതിരായി ഗുണപരമായി ഉപയോഗിക്കുവാനാകുമോ?*

▌ഈ ജാതീയസംഘടനകൾ മതവത്ക്കരണത്തിന് എതിരായിക്കൊള്ളണമെന്നില്ല. വാസ്തവത്തിൽ ജാതീയസംഘടനകൾ മതവത്ക്കരണത്തിൽ നിന്ന് ശക്തിയാർജ്ജിക്കുകയാണ് ചെയ്യുന്നത്. ജാതിയുടെ അടിസ്ഥാനത്തിലുള്ള സംഘടനകളും ആശയങ്ങളും പ്രസ്ഥാനങ്ങളും വിപുലമായരീതിയിൽ ഏതെങ്കിലും ശക്തികളോട് ബന്ധപ്പെടാൻ ആഗ്രഹിക്കുമ്പോൾ സ്വാഭാവികമായി ബന്ധപ്പെടുന്നത് വർഗ്ഗീയശക്തികളോടാണ്. രാഷ്ട്രീയമായ ഒരു കാഴ്ചപ്പാടോടുകൂടി നോക്കുകയാണെങ്കിൽ സ്വതന്ത്രമായ നിലനിൽപ്പിൽ നിന്ന് ജാത്യാധിഷ്ഠിത സംഘടനകൾക്ക് വലിയ കാര്യങ്ങളൊന്നും നേടിയെടുക്കുവാൻ സാധിച്ചുവെന്നുവരില്ല. പ്രഷർഗ്രൂപ്പായി പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നുവരാം. പക്ഷെ അധികാരത്തെ നിർണ്ണയിക്കുന്നതിന് നിർണ്ണായകമായി അതിൽ ഇടപെടുന്നതിന് അതിന് സാധിച്ചു എന്നുവരില്ല. അതുകൊണ്ട് ബന്ധങ്ങൾ ഉണ്ടാക്കേണ്ടതായ ആവശ്യമുണ്ട്. സ്വാഭാവികമായും മതേതരകക്ഷികളും പ്രസ്ഥാനങ്ങളുമായല്ല അവർ ബന്ധമുണ്ടാക്കുക. മതകക്ഷികളും മതപ്രസ്ഥാനങ്ങളുമായിട്ടായിരിക്കും ബന്ധങ്ങളുണ്ടാക്കുക. ഇന്ത്യയിൽ മുഴുവൻ കാണാൻ കഴിയുന്നതാണിത്. ജാതിയുടെ അടിസ്ഥാനത്തിലുള്ള ചില കക്ഷികൾ വർഗ്ഗീയതയെ എതിർക്കുന്നുണ്ട്. അത്തരത്തിലുള്ള എതിർപ്പിന് പിന്നിൽ ജാതിവിഭജനത്തിന്റെയും സാമൂഹ്യാധികാരത്തിന്റെയും ചില അംശങ്ങൾ ഉണ്ട്. കേരളത്തിൽ ജാതികളെന്നു പറയുമ്പോൾ അതിൽ പലവിഭാഗങ്ങളുണ്ട്. ഒരു പക്ഷേ ദളിതർ ഇന്ന് നിലവിലുള്ള ഹൈന്ദവ വർഗ്ഗീയതയുമായി ഒത്തുചേർന്ന് പോയേക്കില്ല. കാരണം സാംസ്കാരികമായി വളരെ വലിയൊരു യോജിപ്പില്ലായ്മ ഹൈന്ദവ വർഗ്ഗീയവാദികളും ദളിതരും തമ്മിലുണ്ട്. ഇത്തരത്തിലുള്ള ജാതികൾ പോലും സമീപഭാവിയിൽ വർഗ്ഗീയതയുമായി സന്ധി ചെയ്യാൻ സാധ്യതയുണ്ട്. ഉത്തരപ്രദേശിൽ മായാവതി ഉദാഹരണം. കേരളത്തിൽ എസ്.എൻ.ഡി.പി. എടുക്കുന്ന നിലപാട്. അതുകൊണ്ട് ജാതിയെന്നതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വർഗ്ഗീയതക്ക് ഒരു പ്രതിവിധി ഉണ്ടാക്കാം എന്ന് വിചാരിക്കരുത്. അടിസ്ഥാനപരമായി തെറ്റായ ഒരു സമീപനവുമാണത്. ഒരുതരത്തിലുള്ള പ്രതിലോമകരമായ സാമൂഹികപ്രതിഭാസത്തെ അല്ലെങ്കിൽ സാമൂഹിക ആശയത്തെ പ്രതിലോമകരമായ മറ്റൊരു പ്രതിഭാസത്തെയോ ആശയത്തെയോ കൊണ്ട് നേരിടുന്നത് കൂടുതൽ അപകടകരമാണ്. ജാതിയെ ഉപയോഗിച്ച് മതത്തെ നേരിടാം എന്നു തന്നെ വിചാരിക്കുക. എന്നാൽതന്നെ മറ്റൊരവബോധം അവിടെ വരികയാണു ചെയ്യുന്നത്. ആ വരുന്ന അവബോധം വാസ്തവത്തിൽ കൂടുതൽ വിഭാഗീയമായ അവബോധമാണ്. അതുകൊണ്ട് വിഭാഗീയമായ ഈ അവബോധം ഒരു അർത്ഥത്തിലും സാമൂഹികമായി നന്മ ചെയ്യുവാൻ സാദ്ധ്യതയുള്ളതല്ല. പക്ഷെ ഇതിൽ മറ്റൊരുകാര്യമുണ്ട്. വർഗ്ഗീയത ജാതികളെ ഉപയോഗിക്കുന്നുണ്ട്. വർഗ്ഗീയതയെ ചില ജാതികളും ഉപയോഗിക്കുന്നുണ്ട്. വർഗ്ഗീയ ശക്തികളുടെ ഹൈന്ദ

വബോധത്തെ അല്ലെങ്കിൽ ആരാധനാസമ്പ്രദായങ്ങളെ ഇതര ജാതികളുടെമേൽ അടിച്ചേല്പിക്കുകയാണ് ചെയ്യുന്നത്. ഓരോ ജാതികൾക്കും അവരുടേതായ ആരാധനാസമ്പ്രദായങ്ങളുണ്ട്. അവരുടെതായ ദേവാലയങ്ങളുണ്ട്. അതിൽനിന്നൊക്കെ അവരെ മാറ്റാനുള്ള ഒരു ശ്രമം നടക്കുന്നുണ്ട്. ആ ശ്രമം നടക്കുമ്പോൾ ഒരർത്ഥത്തിൽ ഈ ജാതികളുടെ സാംസ്കാരിക സ്വത്വത്തെ അവരുടെ സാംസ്കാരിക പ്രയോഗങ്ങളെ മാറ്റാനുള്ള ശ്രമം കൂടി ഉണ്ടാകും എന്നർത്ഥം. ഇതിൽ പ്രകടമായൊരു വൈരുദ്ധ്യം ഉണ്ട്. എങ്കിലും ഹൈന്ദവവത്ക്കരണത്തിന്റെ ഭാഗമായി താഴെക്കിടയിലുള്ള ജാതികൾ വർഗ്ഗീയത മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ സ്വീകരിക്കുന്നു. ആദിവാസികളും ദളിതരും ഇടത്തരത്തിലുള്ള ജാതികളും ഇന്ന് ഹൈന്ദവവത്ക്കരണത്തെ സ്വീകരിക്കുന്നു. അതുകൊണ്ട് അവർക്ക് നഷ്ടമാകുന്നത് പരമ്പരാഗതമായ അവരുടെ സംസ്കാരമാണ്. പരമ്പരാഗതമായ സംസ്കാരത്തെക്കുറിച്ചുള്ള ബോധവും ഹൈന്ദവസംസ്കാരവും തമ്മിലുള്ള യോജിപ്പില്ലായ്മയിലാണ് വാസ്തവത്തിൽ ആധുനിക സമൂഹത്തിൽ ജാതി-മത വൈരുദ്ധ്യം വളർന്നുവരാൻ സാദ്ധ്യതയുള്ളത്. ഒരുപക്ഷേ ജാതി ബോധം ശക്തമാകാനുള്ള സാധ്യതയും.

**?** *കേരളത്തിൽ ഹിന്ദുമതം ചർച്ചാതലത്തിൽ എത്തുന്നത് ഒന്നേകാൽ നൂറ്റാണ്ട് മുമ്പ് മാത്രമാണ്. ഇന്ദുലേഖയിൽ ചർച്ചാതലത്തിൽ അവതരിപ്പിക്കപ്പെട്ട ഹിന്ദുമതം സർക്കാരിന്റേയും സാമൂഹികസ്ഥാപനങ്ങളുടെയും ഒത്താശയോടെ സ്ഥാപനവത്ക്കരിക്കപ്പെട്ടു. മതങ്ങൾ സ്ഥാപനവത്ക്കരിക്കപ്പെടുന്നത് ജനാധിപത്യ സംവിധാനങ്ങളുടെ ഒത്താശയോടെയാണ്. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിൽ മതവത്ക്കരണത്തെ എങ്ങനെ നേരിടുവാൻ കഴിയും?*

▌ മതവിശ്വാസവും, മതാത്മകതയും തമ്മിൽ വളരെ വ്യത്യാസമുണ്ട്. മതാത്മകത മതവിശ്വാസവുമായി ബന്ധപ്പെട്ടതാണെങ്കിലും മതവിശ്വാസത്തിൽ നിന്നും വ്യത്യസ്ഥമാണ്. ഇന്ന് കേരളത്തിൽ ഏറ്റവും വലിയ പ്രശ്നം മതാത്മകത പൊതുമണ്ഡലത്തിലേക്ക് വന്നിരിക്കുന്നു എന്നതാണ്. പൊതുമണ്ഡലത്തിലെ മതാത്മകതയും മതവിശ്വാസവും ഒന്നിച്ചുപൊയ്ക്കൊള്ളണം എന്നില്ല. മതത്തിൽ വിശ്വസിക്കുന്ന വ്യക്തികൾ യുക്തമായ സാഹചര്യങ്ങളിൽ മതാനുഷ്ഠാനങ്ങളിലും മതബോധത്തിലും ഏർപ്പെടുന്നത് വിശ്വാസത്താലാണ്. അതായത് കുടുംബത്തിൽ ആരാധനാലയങ്ങളിൽ എല്ലാം മതവിശ്വാസം. **പക്ഷെ മതവിശ്വാസത്തിന്റെ രൂപങ്ങളെ പുതിയ മാനങ്ങൾ നല്കി പൊതുമണ്ഡലത്തിൽ കൊണ്ടുവരുമ്പോൾ, മതവിശ്വാസം സാമൂഹ്യമതവത്ക്കരണത്തിന്റെ സ്വഭാവം കൈക്കൊള്ളുന്നു. അതാണ് കേരളത്തിൽ നടക്കുന്നത്.** ഇതിനെ നേരിടണമെങ്കിൽ മതത്തെ വ്യക്തിജീവിതത്തിൽ നിന്ന് കുടുംബജീവിതത്തിൽ നിന്ന് അകറ്റി നിർത്തുവാനുള്ള ശ്രമമല്ല ആവശ്യം. വിശ്വാസം ജനങ്ങളിൽ പലവിധത്തിലുണ്ട്. അതിലൊന്നാണ് മതവിശ്വാസം. മതവിശ്വാസം വർഗ്ഗീയബോധമായിക്കൊള്ളണമെന്നില്ല. പൊതുമണ്ഡലത്തിലുള്ള മതാത്മകതയെയാണ് തത്പരകക്ഷികൾ വർഗ്ഗീയതയാക്കുന്നത്. അതുകൊണ്ട് അതിനെയാണ് നേരിടേണ്ടത്. അതിനെ നേരിടാനുള്ള വഴികൾ എന്തൊക്കെയാണ് എന്ന് അന്വേഷിക്കുകയാണ് വേണ്ടത്. അത്തരമൊരു അന്വേഷണം നടക്കുന്നുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. നമ്മുടെ പൊതുമണ്ഡലത്തെ നിരീക്ഷിക്കുകയാണെങ്കിൽ പൊതുമണ്ഡലത്തെ സ്വാധീനിക്കാൻ എല്ലാ മതങ്ങളും മത്സരിക്കുകയാണ്. ഇതിന് ഒരു മാറ്റം സംഭവിച്ചാൽ തന്നെ ജനങ്ങൾ സ്വയം ഹിന്ദുവായോ, മുസ്ലീമായോ, ക്രിസ്ത്യാനിയായോ പരസ്പരം വെറുക്കുന്നവരും അന്യോന്യം വിദ്വേഷം ഉള്ളവരുമായ മനുഷ്യരായി തീരാൻ സാധ്യതയുണ്ട്. കാരണം ഇത്തരം ഒരു കാഴ്ചപ്പാടിന് ആധിപത്യമുള്ള ഒരു സാമൂഹികമണ്ഡലത്തിൽ ഒരുവൻ അവനെ തിരിച്ചറിയുന്നത് മതത്തിന്റെ പേരിലാണ്. ആദ്യം ചോദിച്ച ചോദ്യത്തിന് ഒരു വഴി വാസ്തവത്തിൽ ജനാധിപത്യവത്ക്കരണത്തെ ശക്തിപ്പെടുത്തുകയെന്നതാണ്. മാറാടിലും മറ്റുസ്ഥലങ്ങളിലും ഉണ്ടായത്, ജനാധിപത്യത്തിന്റെ ദൗർബല്യത്തെയാണ് കാണിക്കുന്നത്. ജനാധിപത്യത്തിന്റെ ദൗർബല്യം ജനാധിപത്യമെന്ന ആശയത്തിൽ ഉള്ളടങ്ങിയിട്ടുള്ള പൗരസ്വാതന്ത്ര്യത്തെ കുറിച്ച് പൗരാവകാശത്തെ കുറിച്ച് ശരിയായ ബോധമില്ലാത്ത ഒരു ജനതയെ സൂചിപ്പിക്കുന്നു. ഒരു വ്യക്തിക്ക് തന്റെ വിശ്വാസം ഏത് മതത്തിലായാലും അത് വെച്ചുപുലർത്താനുള്ള അവകാശമുണ്ട് എന്ന് മനസ്സിലാക്കുന്ന ഒരു സമൂഹമുണ്ടാകണം. അതില്ലാത്തത് മറ്റുള്ളവരുടെ വിശ്വാസം തന്റെ വിശ്വാസത്തിന് എതിരാണ് എന്ന് വിശ്വസിക്കുന്നതാണ്. ഇത് ജനാധിപത്യബോധത്തിന്റെ കുറവാണ് കാണിക്കുന്നത്. ഈ പറയുന്നത് കേരളത്തിൽ മാത്രമുള്ള കാര്യമല്ല. ഇന്ത്യയിൽ ആകെ അങ്ങനെയായിരുന്നു. ജാതിയുടെ അടിസ്ഥാനത്തിലുള്ള ജീവിതത്തെയും സംഘടനാരൂപങ്ങളെയും മതത്തിന്റെ ഭാഗമായാണ് പലരും നോക്കിക്കണ്ടത്. എന്നിരുന്നാലും യഥാർത്ഥ ജീവിതത്തിൽ ജാതി പ്രധാനപ്പെട്ട ഒരു ശക്തിയായി നിലനിൽക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടുമുതൽ തന്നെ അതിൽ നിന്ന് വ്യത്യസ്ഥമായ ഒരു സെമിറ്റൈസേഷൻ ഇന്ത്യയിൽ ആകെ നടന്നിട്ടുണ്ട്. അത് നമ്മൾ പറയുന്ന നവോത്ഥാനപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് മതപരിഷ്ക്കരണങ്ങളുമായി ബന്ധപ്പെട്ട് വളർന്നുവന്ന കാര്യമാണ്. **മിക്കവാറും എല്ലാ പരിഷ്ക്കാരങ്ങളും ഓരോ ജാതിയുടെ അടിസ്ഥാനത്തിലാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ജാതീയത, ജാതി ബോധം എന്നിവയ്ക്കൊക്കെ ശക്തി പ്രാപിക്കാൻ സാധിച്ചിട്ടുണ്ട്. അതാണ് വളർന്നുവരുന്നത്. മതവത്ക്കരണവും വർഗ്ഗീയവത്ക്കരണവും ജാതീയതയെ മാറ്റാനുള്ള ബോധപൂർവ്വമായ ഒരു ശ്രമമായിട്ടല്ല ഉണ്ടായിട്ടുള്ളത്.** മറ്റൊരുതലത്തിലുള്ള ഒരു പ്രൊജക്റ്റാണ് ഇത്. ഹൈന്ദവവത്ക്കരണത്തിന്റേതായ പ്രൊജക്റ്റ്. 'ഹിന്ദു'വിനേയും 'ഹിന്ദുത്വ'ത്തെയും നിർവ്വചിക്കുന്നത് എല്ലാവരും സ്വീകരിക്കണം എന്നു പറയുന്നു. ഈ പ്രൊജക്റ്റിന്റെ ഭാഗമായി ജാതിയുണ്ട്. ഈ ജാതിയിൽ നിന്ന് തന്നെ വ്യത്യസ്ഥമായിട്ടുള്ള ഒരു ഹിന്ദുവിനെ സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ തന്നെ അത് ജാതിയെ പൂർണമായി നിരാകരിക്കുന്നില്ല. ഒരു പ്രത്യേക ജാതിയുടെ ആശയങ്ങൾ സമൂഹത്തിനുമുഴുവൻ അല്ലെങ്കിൽ, ഹിന്ദുക്കൾക്ക് മുഴുവൻ ഉണ്ടാകേണ്ട ഒരു ഗുണമാണ്, അതാണ് ആവശ്യം എന്ന് സ്ഥാപിച്ചെടുക്കുകയാണ് ചെയ്യുന്നത്. പക്ഷെ ഇത് സങ്കീർണ്ണമാണ്. ഇത്തരമൊരു സമീ

പനം വളർന്നുവന്നത് പത്തൊമ്പതാം നൂറ്റാണ്ടുമുതൽക്കാണ്. ജാതിയിലും ഹിന്ദുമതത്തിലും ഉണ്ടായ പ്രക്രിയകളെ നോക്കുകയാണെങ്കിൽ ഇവ തമ്മിലുള്ള ബന്ധം വളരെ സങ്കീർണ്ണമാണെന്ന് നമുക്ക് കാണാൻ കഴിയും. പക്ഷെ അതിന്റെ അടിസ്ഥാനപരമായ സ്വഭാവം ഈ ഹിന്ദുവത്ക്കരണമാണ്. അത് ഹിന്ദുരാഷ്ട്രസങ്കല്പവുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. അതുകൊണ്ട് അതിൽ വളരെയേറെ യോജിപ്പില്ലായ്മ പല നിലയ്ക്കും കാണാൻ കഴിയും. പല ജാതികളുടെ പ്രവർത്തനങ്ങളെ അല്ലെങ്കിൽ അവരുടെ ആശയങ്ങളെ സ്വീകരിക്കുക, സംഘടനകളെ സ്വീകരിക്കുക, മറ്റു പലതിനെയും പുറന്തള്ളുക അങ്ങനെ പലവിധത്തിലുള്ള പ്രവർത്തനങ്ങളും ഈ പ്രൊജക്റ്റിന്റെ ഭാഗമായി നമുക്ക് കാണാൻ കഴിയുന്നതാണ്. അടുത്ത കാലം വരെ ഹിന്ദു എന്ന ഒന്ന് ഇല്ലായിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ, ഒരർത്ഥത്തിൽ 1930 കൾ വരെ, ജാതിസംഘടനകൾ ശക്തമായിട്ട് വളർന്നുവരികയാണ് ചെയ്തത്. ജാതിയുടെ ഇടയിലുള്ള പ്രശ്നങ്ങളാണ് അവ നോക്കിക്കണ്ടത് എന്നതുകൊണ്ട് ഈഴവന്മാരുടെയിടയിലും നായന്മാരുടെയിടയിലും നമ്പൂതിരിമാരുടെയിടയിലും ഒക്കെ ആ പ്രസ്ഥാനങ്ങൾ വേറിട്ടു നിൽക്കുന്നു. ഒരു പക്ഷെ ഈ പ്രസ്ഥാനങ്ങളിലൊക്കെ ഒരേ വിധത്തിലുള്ള ആശയങ്ങൾ കാണാൻ കഴിയും. അത്തരത്തിൽ പൊതുവായ ആശയങ്ങൾ ഉണ്ടാകുമ്പോൾ തന്നെ യഥാർത്ഥ ജീവിതത്തിൽ, യഥാർത്ഥമായ സാമൂഹികജീവിതത്തിൽ അവ വ്യത്യാസപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഹിന്ദുവെന്ന ഒരു സങ്കൽപ്പത്തിന് അവിടെ ഇടമില്ലാതെ പോയി. ജാത്യവബോധത്തെ ഹിന്ദുവെന്ന സങ്കല്പമാക്കി അവർ മാറ്റുന്നത് ഈ അടുത്ത കാലത്താണ്. ഇത് ഒരു പക്ഷെ മറ്റ് പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ഇന്ദുലേഖയും മറ്റും ആശയപരമായി ഹിന്ദുമതത്തെ അവതരിപ്പിച്ചു എന്നു പറഞ്ഞ അതേ സമയത്ത്, കേരളസമൂഹത്തിന്റെ ജീവിതചര്യകളിൽ അത്തരമൊരു ഒത്തുചേരൽ ഉണ്ടായിരുന്നില്ല. അന്ന് ഒത്തുചേരൽ ജാതിയുടെ അടിസ്ഥാനത്തിലായിരുന്നു. ജാതിസംഘടനകളിൽ തന്നെ ഒരു പാട് വൈരുദ്ധ്യങ്ങൾ കാണാൻ കഴിഞ്ഞു. വിഭാഗീയത ജാതികളുടെ ഉള്ളിൽ തന്നെ ഉണ്ടായിരുന്നു. അപ്പോൾ ജാതിയെ സംഘടിപ്പിക്കേണ്ടത് ആവശ്യമായി . ജാതികളെ സംഘടിപ്പിക്കേണ്ടത് അവരുടെ ഇടയിൽ പരിഷ്ക്കാരങ്ങൾ കൊണ്ട് വന്നുകൊണ്ടാണ് എന്ന ഒരു കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്.

**?** *ആധുനിക ഇന്ത്യയുടെ അടിത്തറയായി എല്ലാവരും ചൂണ്ടിക്കാണിക്കുന്നത് 'നവോത്ഥാനപ്രസ്ഥാന'ങ്ങളെയാണ്. എന്നാൽ ഇന്ത്യയുടെ വർഗ്ഗീയാനുഭവങ്ങളുടെ അടിത്തറ എന്ന നിലയിലല്ലെ അതിന് കൂടുതൽ സാംഗത്യമുള്ളത്*

■ പ്രസ്ഥാനമെന്ന് ഇന്ന് പറയാവുന്ന തരത്തിൽ ഇന്ത്യയിൽ നവോത്ഥാനം ഉണ്ടായിട്ടുണ്ടോ എന്ന് സംശയാസ്പദമാണ്. വളരെ പരിമിതമായ ഒരു നവോത്ഥാനമാണ് ഇന്ത്യയിൽ ഉണ്ടായിട്ടുള്ളത്. പല കാര്യങ്ങളെയും അടിസ്ഥാനപരമായി ചോദ്യം ചെയ്യാൻ അതിനുകഴിഞ്ഞിട്ടില്ല. നവോത്ഥാനത്തിന്റെ ഒരു വലിയ പരിമിതി അതിന് രാഷ്ട്രീയമായ ഒരു അവബോധം ഉണ്ടായിരുന്നില്ല എന്നതാണ്. രാഷ്ട്രീയത്തിൽ നിന്ന് വ്യത്യസ്ഥമായ ഒന്നായിരുന്നു അത്. ഇത് വളരെ വലിയൊരു ദൗർബല്യമാണ്. കാരണം നമ്മുടെ മദ്ധ്യവർഗ്ഗത്തിന്റെ അല്ലെങ്കിൽ നവോത്ഥാന നായകന്മാരുടെ രൂപീകരണവുമായി ബന്ധപ്പെട്ടതായിരുന്നു അത്. പലകാര്യങ്ങളിലും പല പുതിയ ആശയങ്ങളും ഉൾകൊള്ളാൻ അവർക്ക് കഴിഞ്ഞെങ്കിൽകൂടി ഇന്ത്യൻ സമൂഹത്തിൽ മാറ്റം വേണ്ടിയിരുന്ന പല പ്രവണതകളെയും സ്ഥാനപനങ്ങളെയും ചോദ്യം ചെയ്യാൻ, നൂറുശതമാനം ക്രിട്ടിക്കലായി ചോദ്യം ചെയ്യാൻ അവർക്ക് കഴിയാതെ പോയി. പലമേഖലകളിലും അത് കാണാൻ കഴിയും. ജാതിയുടെ കാര്യം തന്നെ എടുത്താൽ ജാതിയെ എങ്ങിനെയാണ് നേരിടേണ്ടത് എന്ന സംശയങ്ങൾ അവർക്കുണ്ടായിരുന്നു. കേരളത്തിൽ ശ്രീനാരായണന്റെ ആശയങ്ങൾ ജാതിയെ എതിർത്തു. മഹാരാഷ്ട്രയിൽ ജോതിബാഫൂലെയ്ക്കും അതിന് കഴിഞ്ഞിട്ടുണ്ട്. അതേ സമയത്തുതന്നെ മറ്റു പലരും ജാതി പ്രശ്നങ്ങളുമായി സന്ധി ചെയ്തു. ബംഗാളിലെ കാര്യമെടുത്താൽ, ജാതിയെ എതിർത്തു; എന്നാൽ സ്വന്തം ജീവിതത്തിൽ ജാതിയുടെ എല്ലാ പ്രവണതകളും ഉൾക്കൊണ്ടു. അങ്ങനെ സങ്കീർണ്ണമായിട്ടുള്ള ഒരു സ്ഥിതിയാണ് കാണുന്നത്. ഇത് നമ്മുടെ ആധുനികതയുടെ ഒരു ദൗർബല്യമാണെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിനെമറികടക്കാൻ ഇന്ത്യൻ സമൂഹത്തിന് ഒരു കാലത്തും കഴിഞ്ഞിട്ടില്ല.

**?** *വർഗ്ഗീയവാദികളും ഗുണ്ടാസംഘങ്ങളും മാഫിയയും ഒത്തുചേരുന്ന ഒരവസ്ഥ കേരളത്തിൽ അതിഭീകരമായ ഒരു സ്ഥിതിയാണ് ഉളവാക്കുന്നത്. ഇത്തരത്തിൽ ക്രിമിനൽ സ്വഭാവമുള്ള ഒരന്തരീക്ഷം ഉളവാക്കുന്ന സാമൂഹിക-സാംസ്കാരിക പ്രതിസന്ധികളെക്കുറിച്ച് പറയാമോ.*

■ അധോലോകവും വർഗ്ഗീയതയുമായി ബന്ധം നിലനിൽക്കുന്നു എന്ന് പറയുന്നത് ഒരു പുതിയ കാര്യമല്ല. കാരണം അധോലോകം വർഗ്ഗീതയതയെ ഉപയോഗിച്ചതാണ് മറ്റിടങ്ങളിൽ അനുഭവം. കേരളത്തിലും അത്തരത്തിലുള്ള ബന്ധം ഉണ്ടായിക്കൂടെന്നില്ല. ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് വാസ്തവവുമാണ്. അത് തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ടിരിക്കുന്നു. വർഗ്ഗീയതയുടെ ഉപകരണങ്ങളായി മാറുന്നത് പാവപ്പെട്ടവരും ദരിദ്രരും ആണ്. അവരെ ഉപയോഗിക്കാൻ അധോലോകത്തിന് എളുപ്പത്തിൽ സാധിക്കുന്നതാണ്. ഇത്തരമൊരവസ്ഥ കേരളത്തിൽ ഭീകരമായ ഒരന്തരീക്ഷം വളർത്തിയേക്കും. കാരണം വർഗ്ഗീയതയെ ഇത്തരം ശക്തികൾക്ക് കൂടുതൽ രൂക്ഷമായി ഉപയോഗിക്കാൻ സൗകര്യമുള്ള ഒരു സ്ഥലമാണ് കേരളം. കേരളത്തിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്നത് വിഭാഗീയത ഇല്ലാതെയാണ്. കേരളത്തിൽ അതുകൊണ്ട് തന്നെ വർഗ്ഗീയ ശക്തികൾക്കും അധോലോകശക്തികൾക്കും വർഗ്ഗീയതയെ ഉപയോഗിക്കാൻ എളുപ്പമാണ്. കാരണം ചെറിയ അസ്വരസങ്ങളെ വലിയ പ്രശ്നങ്ങളാക്കുകയാണവർ ചെയ്യുക. മാറാടിൽ കഴിഞ്ഞ വർഷം നടന്ന കലാപത്തിന്റെ കാരണം ഒരു ചെറിയ സംഭവമായിരുന്നു. ആ ചെറിയ സംഭവത്തിൽ ഉൾപ്പെട്ട ആൾക്കാർ നിഷ്കളങ്കരാണ്. അവരുടെ നിഷ്കളങ്കതയെയാണ് ഇത്തരം ശക്തികൾ ഉപയോഗിക്കുന്നത്. നമ്മുടെ ജനസംഖ്യയുടെ വിതരണരീതി വളരെ പ്രധാനപ്പെട്ടതാണ് എന്നു പറയുന്നത് അതുകൊണ്ടാണ്. മാറാടിൽ വർഗ്ഗീയ കലാപം രണ്ടാമതും ഉണ്ടായി. ഗൗരവപൂർവ്വമായ ഒരു പ്രശ്നമായി സമാധാന

പ്രേമികൾ ഇതിനെ നേരിടണം. കഴിഞ്ഞ പ്രാവശ്യം മാറാടിൽ വർഗ്ഗീയ കലാപം ഉണ്ടായപ്പോൾ വളരെ പെട്ടെന്ന് ആളുകൾ പ്രതികരിച്ചു. പല ശ്രമങ്ങളും നടന്നു. ജാഥകൾ നടന്നു. നിരാഹാര സമരങ്ങൾ ഉണ്ടായി. ഇത്തവണ അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. പക്ഷെ വീണ്ടും വർഗ്ഗീയാക്രമണം ഉണ്ടായി എന്നത് ഇത്തരം പ്രവർത്തനങ്ങളുടെ ശക്തിയില്ലായ്മയെ സൂചിപ്പിക്കുന്നു. കഴിഞ്ഞ വർഗ്ഗീയ ലഹളയെതുടർന്നുണ്ടായ പ്രവർത്തനങ്ങൾക്ക് യാതൊരു ഇഫക്ടും ഉണ്ടായിട്ടില്ല. ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകുമ്പോൾ തന്നെ ദുരിതാശ്വാസപ്രവർത്തനങ്ങൾ പോലും മതാധിഷ്ഠിതമായി മാറുന്നതായിട്ടാണ് കാണുന്നത്. കഴിഞ്ഞ പ്രാവശ്യം മാറാടിൽ കലാപമുണ്ടായപ്പോൾ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും വേറെ വേറെ ക്യാമ്പുകൾ ഉണ്ടായി എന്ന് പറയുന്നു. മതവിഭജനമാണ് വാസ്തവത്തിൽ നിലനിൽക്കുന്നത് എന്നർത്ഥം. ഇതിന് ഒരു പോം വഴി കാണണമെങ്കിൽ മറ്റു വഴികളാലോചിക്കണം. വർഗ്ഗീയശക്തികളിൽ വിശ്വസിക്കുന്നവരിൽ ഒരുതരത്തിലുള്ള ഇംപാക്ടും ഉണ്ടാക്കുവാൻ കഴിഞ്ഞ കാലപ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കലാപത്തെ തുടർന്ന് കഴിഞ്ഞ തവണ നടത്തിയവയെല്ലാം ചെയ്യേണ്ട കാര്യങ്ങൾ തന്നെയായിരുന്നു. പക്ഷെ വർഗ്ഗീയ സ്വഭാവത്തിലേക്ക് മാറാൻ സാദ്ധ്യതയുള്ള വിഭാഗങ്ങൾക്കിടയിൽ പ്രവർത്തനം അവശ്യമാണ്. അവർക്കിടയിൽ നിരന്തരമായ പ്രവർത്തനം ഉണ്ടാവുകയാണെങ്കിൽ കുറെയൊക്കെ മാറ്റങ്ങളുണ്ടാകാൻ സാദ്ധ്യതയുണ്ട്. **മാറാടിൽ കഴിഞ്ഞ വർഷം കലാപത്തിനുശേഷം മതസൗഹാർദ്ദത്തിൽ വിശ്വസിക്കുന്ന സാമൂഹ്യനേതാക്കൾ അവിടെ കുറച്ചു ദിവസമെങ്കിലും താമസിച്ചിരുന്നുവെങ്കിൽ വ്യത്യാസമുണ്ടാകുമായിരുന്നവോ എന്നത് പരിഗണിക്കേണ്ടതാണ്.** എങ്ങനെയാണ് മതസൗഹാർദ്ദമുണ്ടാക്കുക? മതസൗഹാർദ്ദം ഉണ്ടാകണമെങ്കിൽ കാഴ്ചപ്പാടിൽ തന്നെ വ്യത്യാസമുണ്ടാകണം. ഞങ്ങൾ രണ്ട് മതത്തിൽപെട്ടവരാണ്. ഞങ്ങളുടെ താത്പര്യങ്ങൾക്ക് വ്യത്യാസമുണ്ട് എന്ന് വിശ്വസിച്ചാൽ മതസൗഹാർദ്ദം ഉണ്ടാകുകയില്ല. മതനേതാക്കൾ അക്രമം പ്രവർത്തിക്കരുത് എന്ന് പറയുന്നതുകൊണ്ട് വലിയ സ്വാധീനമൊന്നും ഉണ്ടാകാൻ പോകുന്നില്ല. മതവിഭജനം നിലനിൽക്കുന്നിടത്ത് ഒത്തൊരുമിച്ച് ജീവിക്കുന്ന ഒരു ദൃഷ്ടാന്തം ഉണ്ടാക്കണം. മാറാടിൽ അതിന്റെ ആവശ്യമുണ്ട്. സാമൂഹ്യനേതാക്കൾ സ്വയം ഇതിന്റെ ഒരു ഉദാഹരണമായാൽ ഒരു പക്ഷേ അതിൽ വ്യത്യാസം ഉണ്ടാകും.

**?** *വർഗ്ഗീയതക്കെതിരായ പ്രവർത്തനരീതി എങ്ങനെയായിരിക്കണമെന്ന് കുറച്ചുകൂടി വിശദീകരിക്കാമോ?*

▌ മതവത്ക്കരണ വർഗ്ഗീയവത്ക്കരണ പ്രക്രിയയെ റിവേഴ്സ് ചെയ്യുകയാണ് വേണ്ടത്. അതിനുള്ള സാധ്യത എന്താണ് എന്നുള്ളൊരു അന്വേഷണം വേണം. ചെറുപ്പക്കാരാണ് അതിനുള്ള ഒരു ശക്തിയായി വരേണ്ടത്.

**?** *കേരളത്തിന്റെ ജനസംഖ്യാവിതരണവും ആവാസസമ്പ്രദായങ്ങളും ഒത്തൊരുമയോടുള്ള ജീവിതത്തിന്റെ ചരിത്രം വ്യക്തമാക്കുന്നതാണ്. ഇന്ന് കൈമോശം വന്നുകൊണ്ടിരിക്കുന്നത് ഇത്തരമൊരു ചരിത്രബോധവും, ഒത്തൊരുമയുടെ അന്തരീക്ഷവുമാണ് ഈ ചരിത്രബോധത്തെ തിരിച്ചുപിടിക്കുന്നതിലൂടെ വർഗ്ഗീയതയ്ക്കെതിരായ പ്രവർത്തനങ്ങൾ ശക്തമാക്കാവുന്നതല്ലേ?*

▌ അത്തരമൊരു ചരിത്രബോധം തിരിച്ച് പിടിക്കാൻ സാധിക്കുമെന്ന് എനിക്കു തോന്നുന്നില്ല. കാരണം, ആ ചരിത്രബോധം നഷ്ടപ്പെട്ടുകഴിഞ്ഞു. ആ ചരിത്രബോധം ഒരു നൊസ്ററാൾജിയയാണ് എന്ന് പലരും പറയാൻ സാധ്യതയുണ്ട്. യഥാർത്ഥ ജീവിതത്തിൽ അതിന് പ്രാധാന്യമുണ്ട് എന്ന് ജനങ്ങൾ വിശ്വസിക്കുന്നുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് അതിനെ തിരിച്ചെടുക്കുക എന്നത് വളരെ പ്രയാസമുള്ള ഒരു കാര്യമായിട്ടാണ് എനിക്ക് തോന്നുന്നത് . കാരണം, ഇന്ന് ഒരു മതത്തിലുള്ളവർ മറ്റു മതവിഭാഗങ്ങളെ ഒരു പ്രത്യേകതരത്തിലാണ് നോക്കി കാണുന്നത്. ആ ചരിത്രാനുഭവത്തിൽ വിദ്വേഷം ഉണ്ടായിരുന്നില്ല. അന്യോന്ന താല്പര്യങ്ങൾ തമ്മിൽ സംഘർഷങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് അങ്ങനെയല്ല. അത് തീരപ്രദേശത്തായിരുന്നാലും ശരി ഉൾനാടുകളിലായിരുന്നാലും ശരി.അതുകൊണ്ട് പഴയ ചരിത്രബോധത്തെ തിരിച്ചുപിടിക്കുക എന്നതിനേക്കാൾ മാറിയ സാഹചര്യത്തിൽ പഴചരിത്രാനുഭവത്തെ പുനരാഖ്യാനം ചെയ്യുകയാണ് ആവശ്യം.

**?** *ആലോചിച്ചുവരുമ്പോൾ, വർഗ്ഗീയതയ്ക്കെതിരായി ഒരു ബദൽ പ്രവർത്തനം മുന്നോട്ടുവെയ്ക്കുന്നതിനുള്ള ഒരു സാംസ്കാരിക ഭൂമിക പോലും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. സംസ്കാരത്തിലെ ഒരു വലിയ പ്രതിസന്ധിയായ വർഗ്ഗീയതയെ നേരിടുന്നതിനുള്ള ഒരു കൾച്ചറൽ പ്ലാറ്റ്ഫോമിനെക്കുറിച്ച് പറയാമോ?*

▌ സാംസ്കാരിക പ്ലാറ്റ് ഫോം എന്തായിരിക്കും എന്നത് മറ്റ് കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. കേരളത്തിൽ ഒരു സാംസ്കാരിക വലതുപക്ഷം വളർന്ന് വന്നുകൊണ്ടിരിക്കുന്നുണ്ട്. കേരളത്തിലെ ഒരു നല്ല വിഭാഗം സാഹിത്യകാരമാരും, സാംസ്കാരിക നായകന്മാരും വർഗ്ഗീയതയെ പ്രത്യക്ഷമായോ പരോക്ഷമായോ സഹായിക്കുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സ്വതന്ത്ര ചിന്തകമാർ എന്ന് സ്വയം വിശേഷിക്കുന്നവർ സ്വതന്ത്ര ബുദ്ധിജീവികൾ എന്ന് സ്വയം വിശേഷിപ്പിക്കുന്നവർ അവരുടെ നിലപാട് ഇടതുപക്ഷത്തെ അവഹേളിക്കുന്നതും അതിനെ തകർക്കാൻ ശ്രമിക്കുന്നതുമാണ്. അത്തരത്തിലുള്ളവർ വാസ്തവത്തിൽ വർഗ്ഗീയതയെ വളർത്തുകയാണ് ചെയ്യുന്നത്. വലതുപക്ഷ സാംസ്കാരികതയെ സഹായിക്കുകയാണ് ചെയ്യുന്നത്. അവർ അതിൽ നിന്നും പുറന്തള്ളപ്പെടും എന്ന് മറ്റൊരുകാര്യം. സാംസ്കാരിക വലതുപക്ഷത്തിന് ഇവരുടെ ആവശ്യം ഇല്ല. അവരെ ഉപയോഗിക്കുക മാത്രമാണ് ചെയ്യുന്നത്. **ഒരു സാംസ്കാരിക ഇടതുപക്ഷത്തിന്റെ വളരെ വിശാലമായ ഒരു പ്ലാറ്റ് ഫോം ഉണ്ടാകേണ്ടത് ആവശ്യമാണ് വിഭാഗീയതയില്ലാതെ. സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ദൗത്യമാണ് ഏറ്റെടുക്കുന്നത് എന്നാണ്. പക്ഷേ സാംസ്കാരിക ഇടതുപക്ഷം എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് രാഷ്ട്രീയ ഇടതുകക്ഷികളുടേതായിട്ടുള്ള പ്ലാറ്റ് ഫോമല്ല. പുരോഗമനാത്മകമായ, ക്രിയാത്മകമായ, ക്രിട്ടിക്കലായ, ജനങ്ങളുടെ സംസ്കാരികമായ ഒരു വലിയ കൂട്ടായ്മ.** കേരളത്തിൽ 1930 മുതൽ സാംസ്കാരിക ഇടതുപക്ഷം വളർന്ന് വന്നത് സാമൂഹിക അധികാരത്തെ ചോദ്യം ചെയ്തുകൊണ്ടാണ്. സാമൂഹിക അധികാരത്തെ ന്യായീകരിക്കുന്ന എല്ലാ ആശയങ്ങളെയും ചോദ്യം

# യുദ്ധാനന്തര പ്രശ്നങ്ങൾ

**ടി. ജെ. എസ്. ജോർജ്ജ്**

അമേരിക്കയ്ക്ക് ഈ വിജയത്തിൽ പശ്ചാത്തപിക്കാൻ ധാരാളം കാരണങ്ങളുണ്ട്. നാലെണ്ണം താഴെകൊടുക്കുന്നു.

**നയരൂപീകരണത്തിന്റെ ചുക്കാൻ ഇസ്രായേലിന്റെ കൈയ്യിലെത്തുന്നു.**

ലോകാഭിപ്രായത്തിനെതിരെ ഒരു യുദ്ധത്തിലേയ്ക്ക് അമേരിക്കയെ വലിച്ചിഴക്കാൻ മാത്രം വാഷിംഗ്ടണിലെ ജൂതലോബി ശക്തമാണ്. യുദ്ധത്തിന്റെ അവകാശവാദങ്ങൾക്കിടയിൽ ഇസ്രായേലി താത്പര്യങ്ങളെ സംരക്ഷിക്കുക എന്നത് അടിയൊഴുക്കായുണ്ട്. ഇറാഖിനുശേഷമുള്ള 'രണ്ടു ഭീഷണികൾ' എന്നുപറയുന്നത് സിറിയയും ഇറാനുമാണ്. അമേരിക്ക ഇപ്പോൾ തന്നെ 'നാശകാരിയായ ആയുധങ്ങൾ കൈവശം വയ്ക്കുന്നതിന്' സിറിയയെ ആക്ഷേപിച്ചു കഴിഞ്ഞു. സിറിയയിലേയ്ക്ക് അമേരിക്ക തിരിയുകയാണെങ്കിൽ, അന്യായത്തിനെതിരെ അറബികളുടെ കോപം ആളിക്കത്തിയേക്കാം. അപമാനിക്കപ്പെട്ട ഒരു ജനതയുടെ കോപം ഒരു വൻശക്തിക്കുപോലും ഭീഷണിയായേക്കാം.

**എണ്ണ : അമേരിക്കയുടെ അടിസ്ഥാന താത്പര്യം എന്ന നിലയിൽ**

കീഴടക്കപ്പെട്ട ബാഗ്ദാദിൽ നടന്ന കൊള്ളയെ ഏതെങ്കിലും തരത്തിൽ നിയന്ത്രിക്കാൻ അമേരിക്കക്കായിട്ടില്ല. പക്ഷേ, എണ്ണപ്പാടങ്ങൾ സംരക്ഷിക്കാൻ അവർക്കാകുന്നുണ്ട്. ആദ്യത്തെ പാടം കച്ചവടത്തിനു വേണ്ടി പ്രവർത്തിച്ചുതുടങ്ങി. സതേൺ ഓയിൽ കമ്പനിയുടെ യൂണിഫോമിട്ട ജീവനക്കാർ അവിടെ പോക്കുവരവാരംഭിച്ചു. ഒരു പ്രദേശത്തിന്റെ സാംസ്കാരിക നിക്ഷേപങ്ങളേക്കാൾ അമേരിക്ക എണ്ണയ്ക്ക് പ്രാധാന്യം കൊടുക്കുന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമല്ല. അമേരിക്കയേക്കാൾ പഴക്കമുള്ള (200 വർഷങ്ങൾ) ഒരു സംസ്ക്കാരത്തെയും അവർ സാധാരണയായി കണക്കിലെടുക്കാറില്ല. എങ്കിൽപ്പോലും ഇറാഖി എണ്ണക്കച്ചവടത്തിന്റെ കാര്യക്ഷമതയും വേഗതയും ഇക്കഥ കൂടുതൽ വെളിപ്പെടുത്തുന്നു.

**പ്രചരണം എന്ന നിലയിലുള്ള മാധ്യമങ്ങളുടെ ഇടപെടൽ**

ഇറാഖ് യുദ്ധത്തിന്റെ മറ്റൊരു നിഷേധിക്കാനാകാത്ത സത്യം. അത് അമേരിക്കൻ മാധ്യമങ്ങൾ കൊട്ടിഘോഷിക്കുന്ന 'സ്വാതന്ത്ര്യ'ത്തെ തൊലിമുറിച്ചു കാണിച്ചു തന്നതാണ്. ടൈം-ന്യൂസ്‌പീക്ക് സി.എൻ.എൻ.കൂട്ടുകെട്ട് ഇത്രമേൽ ഇതിനുമുമ്പ് നാണം കെട്ടിട്ടില്ല. ഇനി അവരുടെ പ്രസിദ്ധീകരണങ്ങൾ എത്രമാത്രം ആകർഷകമാണെങ്കിലും അവയുടെ വിഷയങ്ങൾ എത്രമാത്രം വൈപുല്യമേറിയവയാണെങ്കിലും അവ ഒരാളും വിശ്വസിക്കില്ല.

അമേരിക്കൻ പത്രപ്രവർത്തനത്തിന്റെ രണ്ടു നാണം കെട്ട ഉദാഹരണങ്ങൾ ഇതാ

1. യു.എസ്. മറീനുകൾ സദ്ദാം ഹുസൈന്റെ പ്രതിമ, യു.എസ്. ടാങ്കുപയോഗിച്ച് മറിച്ചിടുന്നതിന്റെ കീഴ്‌വാചകം: ഇറാഖികൾ സദ്ദാമിന്റെ പ്രതിമ മറിച്ചിടുന്നു' എന്നതായിരുന്നു. ഒപ്പം ഒരുക്കി നിർത്തിയ ഇറാഖി ജനത പശ്ചാത്തലമായി ഉണ്ടായിരുന്നെങ്കിൽപ്പോലും. ടൈമിന്റെ മറ്റൊരു ചിത്രത്തിന്റെ തലവാചകം ഇതായിരുന്നു. 'ഒരുപക്ഷേ, അമേരിക്കൻ ബോംബാക്രമണത്തിൽ മരിച്ചിരിക്കാനിടയുള്ള ഒരു ബന്ധുവിനെ ചൊല്ലി കരയുന്ന ഇറാഖികൾ" ഒരുപക്ഷെ!

**അക്രമോത്സുകപങ്കാളിയെന്ന നിലയിൽ ക്രിസ്തീയത**

ഈ യുദ്ധത്തിലെ മതപരമായ പ്രധാനഘടകം ജൂതരാണെങ്കിൽപ്പോലും ക്രിസ്ത്യൻ സുവിശേഷകരും അവരുടെ എല്ലിൻകഷണങ്ങൾക്കായി ഓടിനടക്കുന്നുണ്ട്. രണ്ട് പ്രധാന സംഘടനകൾ ഇവയാണ്. ഒന്ന്, സതേൺ ബാപ്റ്റിസ്റ്റ്സ് (അമേരിക്കയിലെ ഏറ്റവും യാഥാസ്ഥിതികമായ ക്രിസ്ത്യൻ സംഘടന) രണ്ട്, പ്രസിദ്ധ സുവിശേഷകൻ ബില്ലിഗ്രഹാമിന്റെ മകൻ ഫ്രാങ്ക് ഗ്രഹാം നയിക്കുന്ന സമരിറ്റൻസ് നഴ്സ്.

സതേൺ ബാപ്റ്റിസ്റ്റ്സ് ഇസ്ലാമിനെ തിന്മയായി പരസ്യമായി അധിക്ഷേപിക്കുന്നു. സമരിറ്റൻസും അങ്ങനെത്തന്നെ: എണ്ണയ്ക്കും ക്രിസ്തീയതയ്ക്കുമിടയിൽ അമേരിക്ക ഒരു സാമ്രാജ്യത്തെ ശക്തിയായി ഇറാഖിൽ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. പക്ഷെ അവരുടെ ശത്രുക്കളിൽ നിന്നും പുതിയ ഒസാമബിൻലാദന്മാർ ഉണ്ടായേക്കും.

അമേരിക്ക, ഒരു പക്ഷേ, ഇനി സമാധാനം എന്തെന്നറിയില്ല.

(കടപ്പാട്: ഇന്ത്യൻഎക്സ്പ്രസ്സ്)

---

ചെയ്തുകൊണ്ടാണ്. സാഹിത്യത്തിലും സാമൂഹിക പ്രസ്ഥാനങ്ങളിലുമൊക്കെ ഈ ആശയങ്ങളുണ്ട്. ആ കാലഘട്ടത്തിൽ ഒരുപാട് ആൾക്കാർ ഇത്തരം നിലപാടെടുത്തതായി കാണാൻ സാധിക്കും. വി.ടി. ഭട്ടതിരിപ്പാട് നമുക്ക് ഇനി അമ്പലം കത്തിക്കാം എന്നുപറയുമ്പോൾ, അമ്പലം തകർക്കുക അല്ലെങ്കിൽ ദൈവത്തിനെ മാറ്റുക എന്നതല്ല അർത്ഥം. അദ്ദേഹം സാമൂഹ്യഅധികാരത്തിനെ ചോദ്യം ചെയ്യുകയായിരുന്നു. ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന വർഗ്ഗീയതയുടെ വലതുപക്ഷസംസ്കാരികതയുടെ ശക്തിയെ എതിർക്കണമെങ്കിൽ അത്തരമൊരു കൂട്ടായ ശ്രമം വേണം. അതിലിപ്പോൾ എല്ലാവർക്കും ഒരേ രാഷ്ട്രീയ ആശയങ്ങൾ ഉണ്ടായികൊള്ളണമെന്നില്ല. പക്ഷേ, പൊതുവായ ജനാധിപത്യ-മതേതര കാഴ്ചപ്പാടുള്ള ഒരു സാംസ്കാരിക കൂട്ടായ്മ ഉണ്ടാകേണ്ടതുണ്ട്.

**?** *സമൂഹത്തിൽ വർഗ്ഗീയതക്കെതിരായ ഇടങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്ന ഒരു നിലപാടാണ് മാധ്യമങ്ങൾ സ്വീകരിക്കുന്നത്. അതേസമയം വർഗ്ഗീയതയ്ക്കെതിരായ പ്രവർത്തനങ്ങളെ അവ പലപ്പോഴും തമസ്കരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ വർഗ്ഗീയതക്കെതിരായ ബോധങ്ങൾ പ്രചരിപ്പിക്കുവാൻ നിലനിൽക്കുന്ന മാധ്യങ്ങൾ പോരാ. അതിനുതകുന്ന മാധ്യമസംവിധാനങ്ങളെക്കുറിച്ച് പറയാമോ?*

▌ ഈ ചോദ്യം ഞാൻ വളരെ കാലമായിട്ട് സ്വയം അഭിമുഖീകരിച്ച് കൊണ്ടിരിക്കുന്നതാണ്. ഉത്തരം പലവിധത്തിൽ നേടിയിട്ടുണ്ട്. ഇന്ത്യയിലെ സെക്കുലർ സ്വഭാവമുള്ള സംഘടനകളും, ഗ്രൂപ്പുകളും വ്യക്തികളും ഒന്നും ഇന്നും ഒരു പുതിയ രീതി കണ്ടെത്തിയിട്ടില്ല. അവർ വാസ്തവത്തിൽ പഴയ ഭാഷ,. പഴയ രീതി ഇവയിൽ കുടുങ്ങി കിടക്കുകയാണ്.

അതാണ് ഒരു കാര്യം. രണ്ടാമത് ഇന്ത്യയിലെ മതേതര ശക്തികൾ ഇന്നും വർഗ്ഗീയതയുടെ ശരിയായ സ്വഭാവം മനസ്സിലാക്കിയിട്ടില്ല. അതിന്റെ ഭീകരത തിരിച്ചറിഞ്ഞിട്ടില്ല. ആ ഭീകരത തിരിച്ചറിയാൻ കഴിയാത്തതുകൊണ്ടാണ് കൂട്ടായ പുതിയ രീതിയിലുള്ള പ്രവർത്തനത്തിന് തയ്യാറാകാത്തത്. കേരളത്തിൽതന്നെ എടുത്തുനോക്കുകയാണെങ്കിൽ ഗുജറാത്തിനുശേഷമുള്ള പ്രതികരണങ്ങൾ എത്ര അർത്ഥശൂന്യമായിരുന്നു. ഇന്ന് നിലവിലുള്ള രീതികൾ മാറി എന്തെങ്കിലും പുതിയ പ്രസ്ഥാനം ഉണ്ടാകട്ടെ. ആ പ്രസ്ഥാനം ഗ്രാസ്സ് റൂട്ട് ലെവലിൽ പോയി പ്രവർത്തിക്കുന്ന പ്രസ്ഥാനമായി മാറണം. ഇന്ന് പ്രബലമായിട്ടുള്ളത് മദ്ധ്യവർഗ്ഗത്തിന്റെ ഇടയിൽ പ്രവർത്തനമാണ്. എന്നാൽ മദ്ധ്യവർഗ്ഗം വർഗ്ഗീയവത്ക്കരിക്കപ്പെട്ട മദ്ധ്യവർഗ്ഗമാണ്. അല്ലെങ്കിൽ ഒരു ചെറിയ ഭാഗം മതേതരസ്വഭാവമുള്ളതാണ്. ഈ രണ്ടാമത്തെ വിഭാഗവുമായിട്ടാണ് മതേതരശക്തികൾ സംവദിക്കുന്നത്. അതുകൊണ്ട് തന്നെ അതിന്റെ സ്വാധീനം പരിമിതമാകുന്നു. അതേ സമയത്തുതന്നെ വർഗ്ഗീയ ശക്തികൾ സാധാരണ ജനങ്ങളെ തങ്ങളുടെ പക്ഷത്തേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തുന്നു. മതേതരത്വത്തേയോ വർഗ്ഗീയതയേയോ കുറിച്ച് ചിന്തിക്കാൻ സമയമോ സൗകര്യമോ ഇല്ലാത്ത ഈ വിഭാഗത്തെ ദൈനംദിനപ്രവർത്തനങ്ങളിലൂടെ വർഗ്ഗീയ ശക്തികൾ സ്വാധീനിച്ചെടുക്കുന്നു. അതുകൊണ്ട് ഇതിനെ നേരിടാൻ മതേതരശക്തികൾക്ക് കഴിയുന്നില്ല. അതിനുള്ള കഴിവ് സൃഷ്ടിക്കുകയാണ് ആവശ്യം. പത്രപ്രസ്താവനകളും പ്രകടനങ്ങളും പ്രസംഗങ്ങളും പോരാ. അതുകൊണ്ട് ഉണ്ടാകുന്ന സ്വാധീനം പരിമിതമാണ്. ഇത്തരം പ്രവർത്തനങ്ങൾ നടക്കുമ്പോൾ വർഗ്ഗീയത നിശബ്ദമായി പുതിയ പുതിയ മേഖലകൾ കീഴിപ്പെടുത്തുന്നു. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഒരു പുതിയ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ പ്രവർത്തനശൈലി രൂപപ്പെടുത്തുകയാണ് ഇന്നാവശ്യം.

തയ്യാറാക്കിയത് പി. എസ്. മനോജ് കുമാർ

# 'ത്രിശൂല ദീക്ഷ'യും വെർജീനിയ കോടതിവിധിയും

**അമർ ഫാറൂഖി**

കറുത്തവർക്കെതിരെ അമേരിക്കയിൽ പ്രവർത്തിച്ചിരുന്ന വെള്ളക്കാരുടെ തീവ്രവാദസംഘടനയായിരുന്നു ക്ലൂ ക്ലക്സ് ക്ലാൻ (KKK) 1915 മുതൽ അവരുടെ ഒരു പ്രധാന പരിപാടിയായിരുന്നു കുരിശു കത്തിക്കൽ ( Cross - burning) ഒരു പ്രത്യേക സ്ഥലത്ത് KKK അതിന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുക കുരിശുകത്തിക്കുന്നതിലൂടെയായിരിക്കും. തുടർന്ന് കറുത്തവർക്കു നേരെ നടക്കാനിരിക്കുന്ന ആക്രമണ പരമ്പരയുടെ സൂചകമെന്ന വണ്ണം. ഇതിനെതിരെ മുൻ കൈയ്യെടുത്ത ഒരു സ്റ്റേറ്റ് വെർജീനിയയിരുന്നു. വെർജീനിയ ജനറൽ അസംബ്ലി ഇത് നിരോധിച്ചു. തുടർന്ന് ഇന്നുവരെ പതിമൂന്ന് മറ്റു സ്റ്റേറ്റുകളും ഇത് നിരോധിക്കുകയുണ്ടായി. 1952 മുതൽ 2003 വരെ വീണുകിടക്കുന്ന നിയമനടപടികൾ ഈ നിരോധനത്തിന് പിന്നിലുണ്ട്.

2001ൽ വെർജീനിയ സുപ്രീം കോർട്ട് കുരിശ് കത്തിക്കുന്നത് നിരോധിച്ചത് തെറ്റെന്ന് വിധിച്ചു. (4-3) ഭൂരിപക്ഷപ്രകാരമുള്ള വിധി ഇങ്ങനെ പറഞ്ഞു;

നമ്മുടെ വ്യവസ്ഥകൾ പ്രകാരം ജനങ്ങൾക്ക് ചിഹ്നങ്ങളിലൂടെ സംവേദിക്കാനുള്ള അധികാരമുണ്ട്. അയൽ പതാക വീശി ദേശീയംഗീകാരത്തെ ഉയർത്തിപിടിക്കുകയും കത്തിച്ച് പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്ന പോലെത്തന്നെയാണിത്.

ഈ വിധിയെ വിർജീനിയ സ്റ്റേറ്റ് അമേരിക്കൻ സുപ്രീം കോടതിയിൽ ചോദ്യം ചെയ്തു. (6-3) ഭൂരിപക്ഷം നേടിയ വിധിപ്രകാരം കീഴ്കോടതി വിധിയെ സുപ്രീം കോടതി അപലപിക്കുകയും നിരോധനത്തെ ന്യായീകരിക്കുകയും ചെയ്തു. വിധിയിൽ നിന്ന്

"കുരിശു കത്തിക്കുന്നത് അക്രമങ്ങളുടെ ലക്ഷ്യമായ ജനവിഭാഗം ഏതാണോ അവരിൽ പേടി വളർത്തുന്നതിനും അതുവഴി അവരെ ദുർബലപ്പെടുത്തുന്നതിനുമാണ്.

കുരിശു കത്തിക്കുമ്പോൾ, ഒരു വിഭാഗം ജനങ്ങൾ അവരുടെ ജീവിതത്തെ ചൊല്ലി ഭയപ്പെടാൻ തുടങ്ങുന്നു. ഇതാണ് ഈ പ്രവൃത്തിയുടെ പ്രധാന സന്ദേശം.

ചില മതപരമായ ഘടകങ്ങൾ ചേർത്ത് KKK ഒരു സന്ദേശം പുറപ്പെടുവിക്കുകയാണ് ഇതിലൂടെ. കുരിശ് സ്ഥാപിക്കുന്നതിലൂടെ KKK നിറവേറ്റുന്നത് മതത്തിനപ്പുറമുള്ള ഒരു കാര്യമാണ്. ഏറ്റവും വിശുദ്ധമായ ഒരു മതചിഹ്നത്തെ, വെറുപ്പിന്റെ ചിഹ്നമായി പ്രവർത്തിപ്പിക്കുകയാണ് KKK ഇതിലൂടെ."

ഇതു തന്നെയാണ് ത്രിശൂൽ ദീക്ഷയിലൂടെ വിശ്വഹിന്ദു പരിഷത്തും ചെയ്തുകൊണ്ടിരിക്കുന്നത്. ഗുജറാത്തിൽ ഭരണഘടനാചെലവിൽ നടത്തിയ ന്യൂനപക്ഷ വംശഹത്യയിൽ വി. എച്ച്. പി. തെളിയിച്ചിട്ടുള്ളതാണ്. അതിനാൽ ത്രിശൂൽ ദീക്ഷ നിരോധിക്കാനായി രാജസ്ഥാൻ ഗവൺമെന്റ് എടുത്ത നിയമനടപടികൾ യഥാർത്ഥ ദിശയിലുള്ളതാണ്.

ബി. ജെ. പി. യും മറ്റ് സംഘ്പരിവാർ കക്ഷികളും അമേരിക്കയോടുള്ള അവരുടെ ആനുകൂല്യത്തെ ഒളിഞ്ഞും തെളിഞ്ഞും വെളിപ്പെടുത്താറുണ്ട്. വി. എച്ച്. പി. യാകട്ടെ അമേരിക്കയുടെ ഇറാഖ് ആക്രമണത്തെ പിന്തുണച്ചവരുമാണ്. എന്നാൽ വി. എച്ച്. പി. യുടെ വിദ്വേഷ പ്രചരണത്തിനെതിരെ, സമാനമായ അമേരിക്കൻ അനുഭവത്തെ പ്രമാണമാക്കാൻ ബി. ജെ. പി. ഗവൺമെന്റ് തുനിയുമോ? ■


**പ്രതിസന്ധികൾ വിനാശത്തിലേക്ക് വിളിക്കുമ്പോൾ**
**ഏകാന്തത പ്രത്യാശ കെടുത്തികളയുമ്പോൾ**
**വിഷാദം മനസ്സ് നരകമാക്കുമ്പോൾ**

വിളിക്കുക
എഴുതുക
സന്ദർശിക്കുക

**മൈത്രി**
എന്നും നിങ്ങളോടൊപ്പം

**ജനനീതി ബിൽഡിംഗ്സ്,**
**ടി. ബി. റോഡ്,**
**ശക്തൻ തമ്പുരാൻ ബസ് സ്റ്റാൻഡിനു സമീപം,**
**തൃശ്ശൂർ – 680 001.**
**ഫോൺ : 2444472**

പ്രവർത്തനസമയം : എന്നും ഉച്ചയ്ക്ക് 12 മണിമുതൽ രാത്രി 8 മണി വരെ. ശനി, ഞായർ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ.

മൈത്രിക്ക് അവധി ദിവസങ്ങളില്ല

മൈത്രിയുടെ സേവനം തികച്ചും സ്വകാര്യം, സൗജന്യം

Reg. No.3551/93/L Dis

Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി ◆ കെ.ജി.ശങ്കരപ്പിള്ള ◆ സി. പി. ഗംഗാധരൻ ◆ എം.പി. രാജു ◆ സി. ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി. എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ മിനി രാജു ◆ ജെ.ജെ. പള്ളത്ത് ◆ ജോർജ്ജ് പുലികുത്തിയിൽ

# നിയമപ്രകാരം

**കെ. ജി. ശങ്കരപ്പിള്ള**



**നി**യമം അറിയാത്ത ജനകോടികളെ നിയമം അറിയുന്ന ജനനൂറുകൾ ഭരിക്കുന്ന വ്യവസ്ഥയാണ് ഇന്നുള്ളത്. പ്രാതിനിധ്യജനാധിപത്യം. ഭരിക്കലിൽ നയിക്കലും നയിക്കലിൽ രക്ഷിക്കലും രക്ഷിക്കലിൽ നീതിയും നീതിയിൽ സംസ്കാരത്തിന്റെ സത്തയും സങ്കല്പിക്കുന്നതാണ് പ്രാതിനിധ്യഭരണ വ്യവസ്ഥയുടെ സൗന്ദര്യം. അനുഭവം പലപ്പോഴും അത്ര സുന്ദരമല്ല. കാരണം, ജനപ്രതിനിധികളുടെ പ്രാതിനിധ്യസാധ്യതയ്ക്കും ഉദ്യോഗസ്ഥരുടെ നിയമപാലനശക്തിക്കും മാധ്യമങ്ങളുടെ മൂല്യബോധത്തിനും കോടതികളുടെ നൈതിക ജാഗ്രതയ്ക്കും ഏറ്റക്കുറവുകളും പരിമിതികളും വ്യതിയാന വ്യഗ്രതയും ഉണ്ട്. നിയമം അറിയുന്ന ജനങ്ങളാണ് ഇതിന് പ്രതിരോധം. സൈദ്ധാന്തികമായി അവരാണ് യഥാർത്ഥ അധികാരികൾ; നിയമത്തിന്റെയും സംസ്കാരത്തിന്റെയും നിർമ്മാതാക്കൾ. സ്വാതന്ത്ര്യത്തിന്റെയും ആത്മാഭിമാനത്തിന്റെയും അവകാശികൾ. ജനങ്ങളുടെ അറിവിലാണ്, അറിവില്ലായ്മയിലല്ല, വാഗ്ദത്തനീതിയുടെ നിലനില്പും പരിരക്ഷയും. നിയമവും അവകാശങ്ങളും കർത്തവ്യങ്ങളും കാലവും അറിയായ്കയാൽ ഇന്ന് അവരാണ് നിരന്തരം വഞ്ചിക്കപ്പെടുന്നതും.

നിയമം അറിയാതെയും ജീവിക്കാം. നിയമത്തിന് ഇരയായി. ബഹുമുഖ വിധേയത്വ ദൈന്യവുമായി. അവിടെ നീതി അനുഭവത്തിൽ എത്തുന്നതേയില്ല. അപൂർവ്വമായി എത്തിയാൽതന്നെ മങ്ങിയതും ഇടുങ്ങിയതും നിന്ദിക്കുന്നതുമായ ഒരു സൗജന്യത്തിന്റെ നാറുന്ന രൂപമായിരിക്കും അവിടെ നീതിക്ക്. നിയമം അറിയായ്ക ജനങ്ങളുടെ പരാധീനതയുടെ ഒരു ഭാഗം മാത്രം. ഇന്ന് സംഭവിക്കുന്ന സാമൂഹ്യപ്രക്രിയകളെക്കുറിച്ചും അധികാരഘടനയുടെ ഗൂഢപരിണാമങ്ങളെക്കുറിച്ചും വിമോചന സാധ്യതകൾ മുരടിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ചുമുള്ള അറിവില്ലായ്മ ഇന്നത്തെ ജനകീയപരിമിതിയുടെ ഇതരമാനങ്ങളാണ്. വൈദേശിക അറിവുകൾക്കും ചിന്താരീതികൾക്കും സിദ്ധാന്തങ്ങൾക്കും സ്ഥാപന മാതൃകകൾക്കും സാങ്കേതികവൈഭവങ്ങൾക്കും സ്വദേശി-വിദേശി മാധ്യമങ്ങൾക്കും അധികാരങ്ങൾക്കും ആസക്തികൾക്കും മനസ്സ് കപ്പം കൊടുത്തുപോയവരാണ് നമ്മുടെ പഠിച്ചവരിൽ ഭൂരിപക്ഷവും. അവർക്ക് ചിലതറിയാം. ബുദ്ധിയുമുണ്ട്. പക്ഷേ, സാമാന്യബോധം, കോമൺസെൻസ്, കുറവ്. അവർക്കറിയാനാവുന്നില്ല : അവരുടെ സ്ഥലകാലങ്ങളേതെന്ന്, സ്വന്തം ഭാഷയേതെന്ന്. അവർ ഭാഗമായിരിക്കുന്ന സാമൂഹിക ക്രമത്തിന്റെ പരിണാമങ്ങളെന്തെന്ന്. രക്ഷകവും ശിക്ഷകവുമായി അവരെ പ്രകൃതിപോലെ ചൂഴുന്ന നിയമങ്ങളെന്തെല്ലാമെന്ന്. എന്ത് ചെയ്യണമെന്ന്. പുതിയ സമൂഹവളർച്ചയ്ക്കനുസരിച്ച് നീതിദർശനത്തിന്മേൽ നിയമം നിർമ്മിക്കപ്പെടുന്ന കാലം കഴിഞ്ഞെന്ന്. ആഗോള വിപണിയുടെ വളർച്ചയ്ക്കനുസരിച്ച് ലാഭദർശനത്തിന്മേലും പുതിയ അധിനിവേശലക്ഷ്യത്തിന്മേലുമാണ് ഇന്ന് നിയമം നിർമ്മിക്കപ്പെടുന്നതെന്ന്. പുതിയ ആഗോള അധികാരബന്ധങ്ങളുടെ സാമ്പത്തികവല വിരിക്കപ്പെട്ടുകഴിഞ്ഞുവെന്ന്. സ്വദേശി താല്പര്യങ്ങളേക്കാൾ വിദേശി താല്പര്യങ്ങൾ നിർണ്ണായകമാവുന്ന വ്യവസ്ഥകളിൽ നിയമോല്പാദനത്തിന് വഴങ്ങാതെവയ്യെന്നായിട്ടുണ്ട്, സ്വത്തും സ്വത്വവും പണയപ്പെടുത്തിയ രാജ്യങ്ങൾക്കെന്ന്. അഴിമതിയിൽ ജൂഡീഷ്യറിയും പങ്കിലമാകുന്നതോടെ നമ്മുടെ സംസ്കാരത്തിലും നീതിമറവിയും വിശ്വാസമലിനീകരണവും മാരകമായിട്ടുണ്ടെന്ന്. വിനിമയ വിപ്ലവങ്ങൾ യാഥാർത്ഥ്യം വിനിമയം ചെയ്യപ്പെടാതെ മൂടിവെക്കാനുള്ള തന്ത്രങ്ങളാണെന്ന്. ഈ ദുർഗ്ഗതിക്രമത്തിലേക്ക് പണ്ടേക്കാൾ നമ്മെ പിടിച്ചാഴ്ത്തുന്ന പരിഷ്കൃതിയുടെ പുതിയ ഊക്കാണ് 'ആധുനികത'. കൂടുതൽ അവിശ്വാസം, കൂടുതൽ നിസ്സഹായത, കുടുതൽ അഴിമതി, കൂടുതൽ വെറുപ്പ്, കൂടുതൽ യാഥാസ്ഥിതികത, കൂടുതൽ ഉന്മാദം, കൂടുതൽ വർഗ്ഗീയകൂട്ടക്കൊല, പ്ലാസ്റ്റിക്കും പെസിമിസവും പോലെ ചെറുസൗകര്യങ്ങളും വൻവിനാശങ്ങളുമുണ്ടാക്കുന്ന തികച്ചും ആധുനികമായ ഒരു കാഴ്ചക്കുറവ് നമ്മുടെ സംവേദനത്തിലും പ്രതികരണത്തിലും പരത്തുന്നു. സാമാന്യബോധത്തിന്റെ അനുക്രമസങ്കോചം ആണിത്. ഏറ്റവും വിസ്തൃതം എന്ന് ഭാവിക്കുന്ന സങ്കുചിതത്വം. ഏറ്റവും പ്രബുദ്ധം എന്നഭിമാനിക്കുന്ന യാഥാസ്ഥിതികതയുടെ നവതരംഗം. ഓരോ ജീവിതത്തെയും ഈയവസ്ഥ ഓരോ കള്ളക്കേസ്സാക്കുന്നു. ഇടവിട്ടെങ്കിലും ഓരോ വ്യക്തിയും ആർത്തിമൂത്ത ഓരോ കള്ളവക്കീലുമാകുന്നു.

> **നിയമം അറിയണം.**
> **പാലിക്കാനും പരിഷ്ക്കരിക്കാനും**
> **വേണ്ടിവന്നാൽ ലംഘിക്കാനും.**

സാമാന്യബോധത്തിന്റെ വീണ്ടെടുക്കലും പുനർനിർമ്മിതിയും ഈ ഘട്ടത്തിൽ ആവശ്യമുള്ള ഒരു പ്രതിരോധമാണ്. നിയമബോധം സാമാന്യ ബോധം എന്ന പ്രതിരോധത്തിന് ആധികാരികത പകരും. നേരും കൂറും കുറഞ്ഞ് ബന്ധങ്ങളേറെയും പ്രശ്നസന്ധികളായി പൊള്ളുന്ന ഇന്നത്തെ ദൈനംദിന സന്ദർഭങ്ങളിൽ നിയമങ്ങളറിഞ്ഞിരിക്കുന്നത് ബലമാണ്, പ്രതിരോധ സാധ്യതകളും വ്യവസ്ഥയുടെ പരിധികളും അറിയലാണ്; ബോധത്തിന്റെ അകാല്പനികവൽക്കരണമാണ്. ഈ നിലയിൽ സാമൂഹികവും വൈയക്തിവുമായ ഇരട്ടപ്രസക്തിയുള്ള ഒരു പുസ്തകമാണ് 'ജനനീതി'യുടെ 'നിയമപ്രകാരം'. ഇന്ത്യൻ നിയമഘടനയെ ലളിതമായും സാധാരണക്കാർക്ക് സഹായ മാവുന്ന വിധത്തിലും വിവരിക്കുന്ന ഈ പുസ്തകത്തിന്റെ രചന 'ജനനീതി'യുടെ പ്രവർത്തകരും മിത്രങ്ങളുമായ ഒരു സംഘം പ്രഗത്ഭനിയമജ്ഞരാണ് നിർവ്വഹിച്ചിരിക്കുന്നത്.

നിയമം അറിയണം. പാലിക്കാനും പരിഷ്ക്കരിക്കാനും വേണ്ടിവന്നാൽ ലംഘിക്കാനും.

*(ജനനീതി ഉടൻ പ്രസിദ്ധീകരിക്കുന്നു നിയമപ്രകാരം എന്ന പുസ്തകത്തിന്റെ അവതാരിക)*

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709